"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - ആലപ്പുഴ നഗരസഭയിൽ സാനിറ്റേഷൻ വർക്കർ - മരണപ്പെട്ട ശ്രീ.ജോസ്.കെ.യുടെ ഭാര്യ ശ്രീമതി.ക്ലാരമ്മ ജോസഫ് - എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(കൈ) നം.165/2024/LSGD തീയതി,തിരുവനന്തപുരം, 26-11-2024

---

പരാമർശം:-

1. 24.05.1999 തീയതിയിലെ സ.ഉ(പി) നം.12/99/ഉ.ഭ.പ.വ നമ്പർ ഉത്തരവ്
2. 21.02.2018 തീയതിയിലെ സ.ഉ.(കൈ) നം. 5/2018/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്
3. ശ്രീമതി.ക്ലാരമ്മ ജോസഫ് സമർപ്പിച്ച 20.02.2023 തീയതിയിലെ ആശ്രിതനിയമന അപേക്ഷ
4. 14.07.2023 ലെ സ.ഉ.(പി)നം.12/2023/ഉഭപവ നമ്പർ ഉത്തരവ്
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 09.07.2024 തീയതിയിലെ LSGD/PD/6283/2024-DEF7നമ്പർ കത്ത്.
6. ആലപ്പുഴ ജില്ലാ കളക്ടറുടെ 26.09.2024 തീയതിയിലെ DCALP/6987/2024-A7 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ നഗരസഭയിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിക്കവെ 22.10.2022 തീയതിയിൽ മരണപ്പെട്ട ശ്രീ.ജോസ്.കെ.യുടെ ഭാര്യ ശ്രീമതി.ക്ലാരമ്മ ജോസഫ് (മടയിൽ, കരളകം വാർഡ്,തത്തംപള്ളി പി.ഒ, ആലപ്പുഴ-688013) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് പരാമർശം 3 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീ.ജോസ്.കെ.യുടെ സേവനകാലം 18 വർഷവും 01 മാസവും 22 ദിവസവുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ ജനന തീയതി , സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 20.04.1980, 25.09.2004 ആണ്. പ്രിൻസിപ്പൽ ഡയറക്ടറും ആലപ്പുഴ ജില്ലാ കളക്ടറും യഥാക്രമം പരാമർശം 5,6 പ്രകാരം അപേക്ഷകയ്ക്ക് ജോലി നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

2. ശ്രീമതി.ക്ലാരമ്മ ജോസഫ് SSLCപരീക്ഷ, ഓപ്പൺസ്കൂൾ പ്ലസ് ടു വിജയിച്ചിട്ടുള്ളതും ടിയാളുടെ ജനന തിയതി 03.02.1986 എന്നതുമാണ്. ടിയാളുടെ ആശ്രിത നിയമനത്തിനുള്ള അപേക്ഷ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ (20.02.2023) സമർപ്പിച്ചിട്ടുണ്ട്. ഈ ജോലിക്കായി ശ്രീ.ജോസ്.കെ.യുടെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്ന് ആലപ്പുഴ നഗരസഭാ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. ടിയാൻ പുനർ വിവാഹിതയല്ല എന്ന സർട്ടിഫിക്കറ്റ്

ഹാജരാക്കിയിട്ടുണ്ട്. ശ്രീമതി.ക്ലാരമ്മ ജോസഫിന്റെ കുടുംബ വാർഷിക വരുമാനം ₹6,00,00/- ആണെന്ന് (അറുപതിനായിരം രൂപ മാത്രം) ആര്യാട് സൗത്ത് വില്ലേജ് ഓഫീസർ അറിയിച്ചിട്ടുണ്ട്. കൂടാതെ പരാമർശം 2 ൽ വ്യവസ്ഥ ചെയ്യുന്ന ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാൻ സമർപ്പിച്ചിട്ടുണ്ട്. ടി സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്ന പക്ഷം പരാമർശം 4- ലെ ഉത്തരവ് പ്രകാരം പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിക്കുന്നതിനായുള്ള സമ്മതപത്രവും ലഭ്യമാക്കിയിട്ടുണ്ട്. ശ്രീമതി.ക്ലാരമ്മ ജോസഫ്, ആലപ്പുഴ ജില്ലയിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടിയാൻ ടി തസ്തികയിലേക്ക് യോഗ്യത നേടിയിട്ടുമുണ്ട് .

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് ആലപ്പുഴ നഗരസഭയിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിക്കവെ 22.10.2022 തീയതിയിൽ മരണപ്പെട്ട ശ്രീ.ജോസ്.കെ.യുടെ ഭാര്യ ശ്രീമതി.ക്ലാരമ്മ ജോസഫിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിലെ ഏതെങ്കിലും നഗരസഭയിൽ എൽ.ഡി. ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിൽ ടി ആശ്രിത നിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5% -ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ പരാമർശം 1-ലെ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകയ്ക്ക് നിയമന ഉത്തരവ് നൽകേണ്ടതാണ്. ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകയ്ക്ക് നൽകുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷക തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശ സ്വയംഭരണ വകുപ്പ് , തിരുവനന്തപുരം.
ജില്ലാ കളക്ടർ ,ആലപ്പുഴ
സെക്രട്ടറി, ആലപ്പുഴ നഗരസഭ
ശ്രീമതി.ക്ലാരമ്മ ജോസഫ് ,മടയിൽ, കരളകം വാർഡ്,തത്തംപള്ളി പി.ഒ, ആലപ്പുഴ,പിൻ -688013
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)(ആഡിറ്റ്) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 27-11-2024 10:18:58
സെക്ഷൻ ഓഫീസർ